"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷൻ, കൊട്ടാരക്കര പോലീസ് സ്റ്റേഷൻ എന്നിവയുടെ കെട്ടിടങ്ങളുടെ ഉദ്ഘാടനത്തിനായി ചെലവായ തുക അനുവദിക്കുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.287/2025/HOME തീയതി,തിരുവനന്തപുരം, 28-01-2025

---

പരാമർശം:- 1) സംസ്ഥാന പോലീസ് മേധാവിയുടെ 19.11.2024 ലെ എച്ച്12-197628/2024/പി.എച്ച്.ക്യൂ നമ്പർ കത്ത്.

2) 18.01.2025 ലെ സ.ഉ.(സാധാ) നം.497/2025/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

100ദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടന ചെലവിനുള്ള തുകയായ 1,15,000/- രൂപ അനുവദിക്കണമെന്ന് പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയും, കൊട്ടാരക്കര പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ഉദ്ഘാടന ചെലവിനുള്ള തുകയായ 71,500/- രൂപ അനുവദിക്കണമെന്ന് കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവിയും ആവശ്യപ്പെട്ടിരിക്കുന്നുവെന്നും പ്രസ്തുത കെട്ടിടങ്ങളുടെ ഉദ്ഘാടനത്തിനായി ചെലവായ ആകെ തുകയായ 1,86,500/- രൂപ 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ അനുവദിച്ച് നൽകണമെന്നും സംസ്ഥാന പോലീസ് മേധാവി പരാമർശിത കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ കത്തിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, പത്തനംതിട്ട വനിതാ പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെയും, കൊട്ടാരക്കര പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെയും ഉദ്ഘാടനത്തിനായി യഥാക്രമം 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം), 71,500/- രൂപ (എഴുപത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ മാത്രം) വീതം 2055-00-109-99-00-34-OC എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽ പ്രവൃത്തിയ്ക്കായി 1,72,000/-രൂപ (ഒരു ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) പരാമർശിത ഉത്തരവ് പ്രകാരം 2055-00-109-99-34-03-NV എന്ന ശീർഷകത്തിൽ അധിക ധനാനുമതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജികുമാർ ജി
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (20.01.2025 ലെ വ്യയം-എ3/664/2024/ധനം (ഇ-2994489) പ്രകാരം).

ഡയറക്ടർ, ഐ&പി.ആർ.ഡി. (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Jalaja Kumari M S

സെക്ഷൻ ഓഫീസർ

Date: 28-01-2025 12:47:12